13530
20/6/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീമതി. റ്റി. ശ്യാമള, സെക്ഷൻ ക്ലാർക്ക് ശ്രീമതി. എം. ജഗദമ്മ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.1916/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 09.06.2017

പരാമർശം: 1. സർക്കാരിന്റെ 18.04.2015-ലെ 73582/ഇപിബി2/2011/തസ്വഭവ നമ്പർ കുറ്റപത്രം

2. സ.ഉ.(സാധാ) നം.613/2015/തസ്വഭവ തീയതി 28.02.2015

3. കുറ്റപത്രത്തിന് ശ്രീമതി. റ്റി. ശ്യാമള, ശ്രീമതി. എം. ജഗദമ്മ എന്നിവർ സമർപ്പിച്ച 28.07.2015-ലെ എതിർവാദ പത്രികകൾ

4. പഞ്ചായത്ത് ഡയറക്ടറുടെ 27.10.2016-ലെ ഡി3-5622/2012 നമ്പർ കത്ത്

ഉത്തരവ്

പെരുങ്കടവിള വില്ലേജ് ഓഫീസർ പുറപ്പെടുവിച്ച 130/08 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, ശ്രീമതി. ബീന. എസ്. നായരുടെ പേരിൽ സർവ്വേ നമ്പർ 463/11-ൽ 41 Sq.m സ്ഥലം മാത്രമേ കൈവശത്തിലുള്ളുവെങ്കിലും, കയ്യേറിയ .54 Sq.m പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമിയും ശ്രീ. കെ. എം. സന്തോഷ് കുമാർ നായരുടെ പേരിലുള്ള 8 Sq.m സ്വകാര്യ ഭൂമിയുമുൾപ്പെടെ, 75 Sq.m ഭൂമിയിൽ അനധികൃതമായി കെട്ടിടം നിർമ്മിക്കുന്നതിനായി പെർമിറ്റ് നൽകിയതിലും, അനധികൃത കെട്ടിട നിർമ്മാണം നിർത്തിവച്ച് പെർമിറ്റ് പുനഃപരിശോധിക്കുവാനായി, സർക്കാരും ഓംബുഡ്സ്മാനും പഞ്ചായത്ത് ഡയറക്ടറും നൽകിയ ഉത്തരവുകൾ അവഗണിച്ച്, 3 നിലകളുള്ള കെട്ടിടം പൂർത്തിയാക്കി, ഒന്നും രണ്ടും നിലകളിലുള്ള മുറികൾക്ക് നമ്പരുകൾ നൽകി occupied ആവാൻ നടപടികൾ സ്വീകരിച്ചതിലും പെരുങ്കടവിള പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ആർ.എ. ഹിൽക്ക് രാജ് ഗുരുതരമായ കൃത്യവിലോപം കാട്ടി എന്ന് കണ്ടതിനെത്തുടർന്ന് ടിയാനെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്കനടപടി സ്വീകരിക്കുകയുണ്ടായി. തുടർന്ന് അച്ചടക്കനടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണത്തിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി.

ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട രേഖകൾ ശരിയായി പരിശോധിക്കാതെ കെട്ടിട നിർമ്മാണ അനുമതി നൽകിയതിൽ സെക്രട്ടറി മാത്രമല്ല കുറ്റക്കാരൻ എന്നും ഇക്കാര്യത്തിൽ അപേക്ഷ സ്വീകരിച്ച ജൂനിയർ സൂപ്രണ്ട് ശ്രീമതി. റ്റി. ശ്യാമള, സെക്ഷൻ ക്ലാർക്ക് ശ്രീമതി. എം. ജഗദമ്മ തുടങ്ങിയവരും കുറ്റക്കാരാണെന്ന് റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് ടി ആളുകൾക്ക് പരാമർശം (1) പ്രകാരം കുറ്റപത്രം നല്കി അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു.

പരാതിക്കാരനായ ശ്രീ. കെ.എം.സന്തോഷ് കുമാറും അപേക്ഷകയായ ശ്രീമതി. ബീന എസ്. നായരും തമ്മിലുള്ള തർക്കത്തിൽ ശ്രീ. ഹിൽക്ക് രാജ് ബലിയാടായതാണെന്നും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ടിയാന്റെ ഭാഗത്ത് വീഴ്ചകളൊന്നും വന്നിട്ടില്ലെന്നും 20/6/2007 ലെ 24136/ആർ.എ.1/07/തസ്വഭവ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പാലിച്ചു മാത്രമാണ് ടിയാൻ പ്രവർത്തിച്ചതെന്നും കണ്ടതിനെത്തുടർന്ന് ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽനിന്നും

ടിയാനെ പൂർണ്ണമായി ഒഴിവാക്കി പരാമർശം (2) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിരുന്നു.

ശ്രീമതി. ശ്യാമളയ്ക്കും, ശ്രീമതി ജഗദമ്മയ്ക്കും നല്കിയ കുറ്റപത്രത്തിനുമേൽ ടിയാളുകൾ പരാമർശം (3) പ്രകാരം സമർപ്പിച്ച എതിർവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ടിൽ ഓഫീസുകളിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ അപര്യാപ്തമായതുകൊണ്ടുമാത്രം അത് സ്വീകരിക്കാതിരിക്കേണ്ടതില്ലെന്നും അത് സ്വീകരിച്ചശേഷം കുറവുകൾ പരിഹരിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നല്കുകയുമാണ് സാധാരണ സർക്കാർ ഓഫീസുകളിൽ ചെയ്യാറുള്ളത് എന്നതിനാൽ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ശ്യാമളയുടെ നടപടിയിൽ തെറ്റില്ലെന്നും അറിച്ചിട്ടുണ്ട്.

അസി.എഞ്ചിനിയറുടെയും ഓവർസിയറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ഫയലിൽ രേഖപ്പെടുത്തലുകൾ വരുത്തുകമാത്രമാണ് ചെയ്തതെന്നാണ് സെക്ഷൻ ക്ലർക്ക് ബോധിപ്പിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സെക്രട്ടറിയായ ശ്രീ. ഹിൽക്ക് രാജിനെ കുറ്റവിമുക്തനാക്കാൻ സ്വീകരിച്ച ന്യായവാദങ്ങളെല്ലാം സെക്ഷൻ ക്ലർക്ക് ശ്രീമതി. ജഗദമ്മയുടെ കാര്യത്തിലും ബാധകമാണെന്നും അതിനാൽ ടിയാളെയും കുറ്റവിമുക്തയാക്കണമെന്നുമാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച എതിർവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ജൂനിയർ സൂപ്രണ്ട് ശ്രീമതി. ശ്യാമളയുടെ നടപടിയിൽ തെറ്റില്ലെന്നും ശ്രീ. ഹിൽക്ക് രാജിനെ കുറ്റവിമുക്തനാക്കാൻ സ്വീകരിച്ച ന്യായവാദങ്ങളെല്ലാം സെക്ഷൻ ക്ലർക്ക് ശ്രീമതി. ജഗദമ്മയുടെ കാര്യത്തിലും ബാധകമാണെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ജൂനിയർ സൂപ്രണ്ട് ശ്രീമതി. റ്റി. ശ്യാമള, സെക്ഷൻ ക്ലാർക്ക് ശ്രീമതി ജഗദമ്മ എന്നിവർക്കെതിരെ സ്വീകരിച്ച നടപടിയിൽനിന്ന് ടിയാളുകളെ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി. റ്റി. ശ്യാമള, ജൂനിയർ സൂപ്രണ്ട്, പെരുങ്കടവിള ഗ്രാമപഞ്ചായത്ത്
2. ശ്രീമതി. എം. ജഗദമ്മ, സെക്ഷൻ ക്ലാർക്ക്, പെരുങ്കടവിള ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.73582/ഇപിബി2/2011/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ